**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 995** **18-09-2025 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ബയോളജിക്കൽ പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് ജില്ലയിൽ ബയോളജിക്കൽ പാർക്ക് തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ; പ്രസ്തുത നടപടികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (എ) | 25.07.2025 തീയതിയിലെ സ.ഉ. (സാധാ) നം. 286/2025-വനം നമ്പർ ഉത്തരവ് പ്രകാരം കോഴിക്കോട് ബയോളജിക്കൽ പാർക്കിന്റെ ഡി.പി.ആർ (Detailed Project Report) തയ്യാറാക്കുന്നതിനും അതിലേയ്ക്കായി ഫണ്ട് വിനിയോഗിക്കുന്നതിന് തത്വത്തിൽ ഭരണാനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. Detailed Project Report തയ്യാറാക്കുന്നതിനായി ഹരിയാനയിലെ ഗുരുഗ്രാം ആസ്ഥാനമായുള്ള Jain & Associates എന്ന കൺസൾട്ടൻസിയെ ചുമതലപ്പെടുത്തിയിരുന്നു. ടി പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനങ്ങളുടെ Detailed Project Report തയ്യാറാക്കി ലഭ്യമായിട്ടുണ്ട്. ഒന്നാം ഘട്ട പ്രവർത്തനങ്ങൾ കോഴിക്കോട് ഡിവിഷന്റെ വർക്കിംഗ് പ്ലാനിൽ ഉൾപ്പെടുത്തി പുതുക്കിയ വർക്കിംഗ് പ്ലാനിന്റെ അംഗീകാരം ലഭിക്കുന്നതിന് വേണ്ടിയുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഒന്നാംഘട്ട പ്രവർത്തനങ്ങൾ രണ്ടു വർഷത്തിനകം പൂർത്തികരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. കോഴിക്കോട് ബയോളജിക്കൽ പാർക്കിന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കാവശ്യമായ അനുമതി, ദേശീയ വന്യജീവി ബോർഡിൽ നിന്നും ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പാർക്കിനോട് അനുബന്ധിച്ച് ആനിമൽ ഹോസ്പൈസ് സെന്ററിന് 1.68 കോടി രൂപയും ബയോളജിക്കൽ പാർക്കിന് 5 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ